**പതിന്നാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4271 24.10.2016-ൽ മറുപടിക്ക്**

**ആലത്തൂർ നിയോജക മണ്ഡലത്തിലെ ആശുപത്രിയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പി. എച്ച്. സി. കളിലും സി. എച്ച്. സി. കളിലും താലൂക്ക് ആശുപത്രിയിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താത്തത് മൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) ആലത്തൂർ നിയോജകമണ്ഡലത്തിൻ കീഴിൽ വരുന്ന ആശുപത്രികൾ താഴെപ്പറയും പ്രകാരമാണ്.<br>താലൂക്കാശുപത്രി - ആലത്തൂർ<br>പി.എച്ച്.സി - കിഴക്കഞ്ചേരി<br>പി.എച്ച്.സി - മേലാർകോട്<br>പി.എച്ച്.സി - തേൻകുറിശ്ശി<br>പി.എച്ച്.സി - വണ്ടാഴി<br>സി.എച്ച്.സി - കുഴൽമന്ദം<br><br>ആയതിൽ താലൂക്കാശുപത്രി ആലത്തൂരിൽ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ, ജനറൽ സർജറി) ഒഴിവുള്ള സ്പെഷ്യാലിറ്റി തസ്തികകൾക്ക് പകരമായി അഡ്ഹോക്ക് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കുഴൽമന്ദം സി.എച്ച്.സിയിൽ |

ഗൈനക്കോളജി, അനസ്തീഷ്യ, ഓർത്തോ എന്നിവയിലെ ഒഴിവുകൾ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തപ്പെടുന്നതാണ്. മറ്റെല്ലാ സ്ഥാപനങ്ങളിലും അനുവദനീയമായ ഡോക്ടർ തസ്തികയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് പി.എസ്.സി അഡ്വൈസ് ലഭ്യമാകുന്ന മുറയ്ക്ക് നികത്തുന്നതാണ്. മറ്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി മുഖാന്തിരവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നികത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ